# നവകേരളം വാർത്ത

**2023 ജനുവരി 16-31** ന്യൂസ് ലെറ്റർ

## ഹരിതകർമ്മസേനയ്ക്കൊപ്പം നിലയുറപ്പിക്കുക: മുഖ്യമന്ത്രി

ശുചിത്വ കേരളത്തിനായി പ്രയത്നിക്കുന്ന ഹരിതകർമ്മസേനയ്ക്കൊപ്പം നിലയുറപ്പിക്കാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. നമ്മുടെ നാടിനെ മാലിന്യമുക്തമാക്കാനുള്ള മഹായജ്ഞത്തിലെ മുന്നണിപ്പോരാളികളാണവർ. ഹരിതകർമ്മസേനക്കെതിരെ വളരെ ചെറിയൊരു വിഭാഗം നടത്തുന്ന ആസൂത്രിതമായ പ്രചാരണം അപലപനീയമാണ്. സമ്പൂർണ പിന്തുണ നൽകേണ്ടതിനു പകരം അവഹേളിക്കുകയും അസത്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നത് ദൗർഭാഗ്യകരമാണ്.

ഹരിതകർമ്മസേന മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്ത് ഓരോ വീടിനെയും വൃത്തിയുള്ളതാക്കാൻ സഹായിക്കുന്നവരാണ്. മാലിന്യങ്ങൾ ശരിയായി സംസ്കരിച്ച് നാടിനെ ശുചിത്വമുള്ളതായി നിലനിർത്താൻ എല്ലാ പൗരന്മാർക്കും ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വം ചെറിയൊരു തുക യൂസർ ഫീ ആയി നൽകിക്കൊണ്ടും ഹരിത കർമ്മസേനയുടെ സേവനത്തെ അംഗീകരിച്ചുകൊണ്ടും നമുക്ക് നിർവഹിക്കാൻ കഴിയണം.



എന്നാൽ ഈ സേവനത്തിന് സർക്കാർ ഏർപ്പെടുത്തിയ 50 രൂപാ ഫീസിനെയാണ് കൊള്ളയെന്നു പറഞ്ഞ് ചിലർ വിമർശിക്കുന്നത്. കേരളത്തെ മാലിന്യമുക്തമാക്കാനുള്ള ആത്മാർത്ഥമായ പ്രവർത്തനത്തെ അട്ടിമറിക്കാനാണ് ശ്രമം.

പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെ ശേഖരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന യൂസർഫീസ് ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകാൻ വീടുകളും സ്ഥാപനങ്ങളും ബാധ്യസ്ഥരാണെന്ന് 2016ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടത്തിലെ 4(3), 15(f) പരാമർശങ്ങൾ വ്യക്തമായി നിർദേശിക്കുന്നുണ്ട്. പുതിയ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 100% യൂസർഫീ ശേഖരിക്കുന്നതിന് അനുയോജ്യമായ നടപടികൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാമെന്ന് സ്പഷ്ടീകരിച്ച് പ്രത്യേക ഉത്തരവും കഴിഞ്ഞ ദിവസം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങൾക്കായി ഹരിതകർമ്മ സേനക്ക് നൽകുന്ന യൂസർ ഫീ കാർഡ്/ രസീതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് അപേക്ഷകനോട് നിർദേശിക്കാനാകുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഹരിതകർമ്മസേനാ അംഗങ്ങളെ സേവനദാതാക്കളായി പരിഗണിക്കാൻ തയാറാകുന്ന സാമൂഹ്യബോധം കേരളത്തിൽ ഉണ്ടാവുക തന്നെ ചെയ്യും. നാടിനെ മാലിന്യമുക്തമാക്കാനുള്ള മഹത്തായ സേവനത്തെ ആരും വിലകുറച്ചു കാണരുത്. മാലിന്യമുക്തമായ നവകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള കുതിപ്പ് നമുക്ക് തുടരാം. അതിനായി ഹരിതകർമ്മസേനയ്ക്ക് കരുത്തു പകരാം.

(മുഖ്യമന്ത്രിയുടെ ഫേസ്ബുക്ക് പേജിൽ നിന്നും)



# ഹൃദയപൂർവ്വം ഹരിത കർമ്മ സേനയ്ക്കൊപ്പം




ശുചിത്വകേരളത്തിനായുള്ള സൈന്യമായ ഹരിതകർമ്മ സേനയ്ക്കെതിരെ നടക്കുന്ന സാമൂഹ്യവിരുദ്ധപ്രചാരണം അത്യന്തം അപലപനീയമാണെന്ന് മന്ത്രി എം.ബി.രാജേഷ്.

നാം ഓരോരുത്തരും സൃഷ്ടിക്കുന്ന മാലിന്യം, നമുക്ക് വേണ്ടിയും നാടിന് വേണ്ടിയും നീക്കം ചെയ്യുന്നവരാണ് അവരോരുത്തരും. ആ സേവനം വിലമതിക്കാനാകാത്തതാണ്. ഈ സേവനത്തിന് സർക്കാർ ഏർപ്പെടുത്തിയ 50 രൂപാ ഫീസ് വലിയ കൊള്ളയാണെന്ന് ചിത്രീകരിക്കുന്നത് ക്രൂരതയാണെന്ന് മന്ത്രി ഫെയ്സ്ബുക്ക് പേജിൽ കുറിച്ചു. മാലിന്യമുക്ത കേരളത്തിലേക്കുള്ള നമ്മുടെ പ്രയാണത്തെ അട്ടിമറിക്കാനുള്ള ആസൂത്രിത നീക്കമാണ് ഇതിന് പിന്നിൽ. ഹരിതകർമ്മസേനയെ ഹൃദയപൂർവം ചേർത്തുപിടിക്കാൻ കേരളീയസമൂഹം തയ്യാറാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വ്യാജവാർത്തകളും നുണപ്രചാരണവും നിരന്തരം പടച്ചുവിടുന്നവർക്കെതിരെ നിയമ നടപടിയെടുക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ഐഎഎസ് ഇതിനകം തന്നെ ഡിജിപിക്ക് പരാതി നൽകിക്കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇത്തരം പ്രചാരണം നടത്തുന്നവരെ കണ്ടെത്തി, പൊലീസിൽ പരാതി നൽകണമെന്ന് അഭ്യർഥിക്കുകയാണ്. ഹരിത കർമ്മസേന നാടിൻറെ നിലനിൽപ്പിന് അനിവാര്യമാണ്. ശുചിത്വ കേരളത്തിനായുള്ള സൈന്യമായ ഓരോ ഹരിതകർമ്മ സേനാംഗത്തെയും സർക്കാരിനും തദ്ദേശ സ്വയംഭരണ വകുപ്പിനും വേണ്ടി ഹൃദയപൂർവം  അഭിവാദ്യം ചെയ്യുന്നു.

# നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ
# കോർ ഗ്രൂപ്പ് ദ്വിദിന ശില്പശാല





നെറ്റ് സീറോ എമിഷൻ പ്രവർത്തനങ്ങൾക്കായി നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. ‘നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ’ എന്ന പേരിലാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്. ഇതിനായി തയ്യാറാക്കിയ നിർവഹണ രൂപരേഖയുടെ അടിസ്ഥാനത്തിൽ വിവിധ ഘട്ടങ്ങളിലെ ആദ്യ ഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. ജില്ലാ തലത്തിൽ ശരാശരി **5** ഗ്രാമപഞ്ചായത്തുകളെ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ജില്ലാ തലത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഈ മേഖലയിൽ പ്രാവിണ്യം ഉള്ളവർ, സാങ്കേതിക വിദഗ്ധർ, പരിസ്ഥിതി പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ച കോർ ഗ്രൂപ്പ് അംഗങ്ങൾക്കായി ദ്വിദിന ശില്പശാല സംഘടിപ്പിച്ചു.

**2022** ഡിസംബർ **30,31** തീയതികളിലായി തിരുവനന്തപുരം കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിലാണ് ശില്പശാല നടത്തിയത്. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ.ജോർജ്ജ് തോമസ് ശില്പശാല ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എബ്രഹാം കോശി അധ്യക്ഷത വഹിച്ച ശില്പശാലയിൽ സി.ഡബ്ല്യു.ആർ.ഡി.എം ഡയറക്ടർ ഡോ. മനോജ് പി. സാമുവൽ മുഖ്യ പ്രഭാഷണം നടത്തി. ശില്പശാലയിലെ ടെക്നിക്കൽ സെഷനുകളിൽ ഹരിത കേരളം മിഷനിൽ നിന്നും കാർബൺ ന്യൂട്രൽ പ്രവർത്തന മേഖലയിൽ നിന്നുമുള്ള വിദഗ്ധരും അവതരണങ്ങൾ നടത്തി. **60** കോർ ഗ്രൂപ്പ് അംഗങ്ങളും **14** റിസോഴ്സ് പേഴ്സൺമാരും ശില്പശാലയിൽ പങ്കെടുത്തു.

---

# സേ നോ ടു പ്ലാസ്റ്റിക്ക്
# തുണിസഞ്ചികളും പേപ്പർ ബാഗുകളുമായി ഹരിത കർമ്മസേന

കോഴിക്കോട് നടന്ന **61**-ാം മത് സംസ്ഥാന സ്കൂൾ കലോത്സവം ഹരിത ചട്ടം പാലിച്ചു നടത്തിയ ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റിക്ക് പിന്തുണ നൽകിയത് ഹരിത കർമ്മസേന. രാമനാട്ടുകര നഗരസഭയിലേയും കുന്നമംഗലം ബ്ലോക്കിലെ എട്ട് പഞ്ചായത്തുകളിലെയും ഹരിത കർമ്മ സേന അംഗങ്ങളാണ് പ്ലാസ്റ്റിക്ക് സഞ്ചികൾക്ക് പകരം തുണിസഞ്ചികളും പേപ്പർ ബാഗുകളും നിർമ്മിച്ച് മാതൃകയായത്. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ഹരിത കർമ്മ സേനാംഗങ്ങളായ അജിത, സാബിറ, സ്മിത, ഷീജ, എന്നിവരിൽ നിന്ന് തുണിസഞ്ചി ഏറ്റുവാങ്ങി.



നവകേരളം കർമപദ്ധതിയുടെ സഹായത്തോടെയാണ് ഇത്തരമൊരു ഇടപെടൽ സാധ്യമായത്. പ്ലാസ്റ്റിക് സഞ്ചിക്ക് ബദലായി **150** ഓളം തുണിസഞ്ചികളും പേപ്പർ ബാഗുകളുമാണ് ഇവർ തയ്യാറാക്കിയത്. വേദികളിലെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ അത്യാവശ്യക്കാർക്ക് ഉപയോഗിക്കാവുന്ന തരത്തിലാണ് ഗ്രീൻ ബ്രിഗേഡ് മുഖേന തുണിസഞ്ചികൾ വിതരണം ചെയ്തത്.

# പൊതുവിദ്യാലയങ്ങളെ മികച്ച രീതിയിൽ സംരക്ഷിക്കുക സർക്കാരിന്റെ നയം: മന്ത്രി വി. ശിവൻകുട്ടി

കുന്ദമംഗലം മണ്ഡലത്തിലെ മൂന്ന് സ്കൂളുകൾക്കായി ഒരുങ്ങിയ പുതിയ കെട്ടിടങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികച്ച രീതിയിൽ സംരക്ഷിക്കുക എന്നത് സർക്കാരിന്റെ നയമാണെന്നും അതിനുവേണ്ട പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു. സ്കൂളുകളുടെ അടിസ്ഥാന വികസനവും അക്കാദമിക നിലവാരത്തിലൂടെ കൂടുതൽ ഉന്നതിയിലേക്ക് നയിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുമാണ് സർക്കാർ നടപ്പാക്കുന്നത്.



പുള്ളന്നൂർ ന്യൂ ഗവൺമെന്റ് എൽ.പി സ്കൂൾ, നായർക്കുഴി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ, മാവൂർ ജി.എം.യു.പി സ്കൂൾ എന്നിവയ്ക്കായി ഒരുക്കിയ കെട്ടിടങ്ങളാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്. 40 ലക്ഷം രൂപ ചെലവിലാണ് പുള്ളന്നൂർ ന്യൂ ഗവൺമെന്റ് എൽ.പി സ്കൂളിൽ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കിഫ്ബിയുടെ ഒരു കോടി രൂപ ചെലവിലാണ് മറ്റു രണ്ടു സ്കൂളുകളിലും കെട്ടിടം ഒരുക്കിയത്.

# മൈനാഗപ്പള്ളിയിലെ 548 ഏക്കർ പാടശേഖരം ഇനി കതിരണിയും

കൊല്ലം ശാസ്താംകോട്ട മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് ഹരിത കേരളം മിഷനുമായി കൈകോർത്ത് പഞ്ചായത്തിൽ തരിശായി കിടക്കുന്ന 548 ഏക്കർ പാടശേഖരം കൃഷിയോഗ്യമാക്കാനുള്ള പദ്ധതിക്കു തുടക്കമിടുന്നു. വെട്ടിക്കാട്ട്, മാടൻ നട, ചാലായിൽ,മുണ്ടകപ്പാടം, തോട്ടുമുഖം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇതോടനുബന്ധിച്ച് വിദഗ്ധസംഘം പരിശോധന നടത്തി. മൈനർ ഇറിഗേഷന്റെ നേതൃത്വത്തിൽ ഇൻവെസ്റ്റിഗേഷൻ സർവേ നടത്തി ആവശ്യമായ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയാറാക്കും. വിശദമായ ഡിപി ആർ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കും. തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യാവുന്ന പരമാവധി പ്രവർത്തികൾ തൊഴിലുറപ്പ് പദ്ധതി മുഖേനയും അല്ലാത്തവ കൃഷിവകുപ്പ്,മൈനർ ഇറിഗേഷൻ തുടങ്ങിയ വകുപ്പുകൾ മുഖേനയും നടപ്പാക്കും.നീരുറവ് പദ്ധതി പ്രകാരം ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവൃത്തികൾ അടുത്ത സാമ്പത്തിക വർഷം ലേബർ ബജറ്റിൽ ഉൾപ്പെടുത്തും. ഒരുവർഷത്തിനകം പരമാവധി പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.



# ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ സംഗമങ്ങൾ




പത്തനംതിട്ട വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ ലൈഫ് പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ സംഗമം നടത്തി. എസ്സ്‌സി വിഭാഗത്തിൽപ്പെട്ട 40 ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി പദ്ധതി ആരംഭിക്കും. കരാറിൽ ഏർപ്പെടുന്നവർക്ക് അഡ്വാൻസായി 40000 രൂപ നൽകും.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃസംഗമവും നടന്നു. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലുളള 42 കുടുംബങ്ങൾക്കാണ് ആദ്യ ഘട്ടത്തിൽ ഭവന നിർമാണത്തിനുള്ള തുക അനുവദിക്കുന്നത്. നാല് ലക്ഷം രൂപയാണ് ഒരു ഭവനത്തിനു നൽകുക. പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുമ്പോൾ ആദ്യ ഗഡുവായ നാൽപ്പതിനായിരം രൂപയും ബാക്കി വരുന്ന തുക ഭവന നിർമ്മാണ പുരോഗതി അനുസരിച്ചു മൂന്ന് ഗഡുക്കളായും നൽകും.

ഭവന നിർമാണത്തിന് തൊഴിലുറപ്പ് പദ്ധതിയിലൂടെ 90 ദിവസത്തെ തൊഴിൽ ദിനങ്ങളും ലഭ്യമാക്കും.

എരിമയൂർ ഗ്രാമപഞ്ചായത്ത് ലൈഫ് 2020 ഗുണഭോക്തൃ സംഗമം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ചു. ലൈഫ് 2020 എസ്.സി, അതിദാരിദ്ര്യ ലിസ്റ്റിലെ 62 ഗുണഭോക്താക്കൾ സംഗമത്തിൽ പങ്കെടുത്തു.

---

# ഒരൊറ്റക്കൊല്ലം ഹരിതകർമ്മസേന നീക്കം ചെയ്തത്

# 4836 ടൺ പ്ലാസ്റ്റിക് മാലിന്യം!

കഴിഞ്ഞ ഒരു വർഷം മാത്രം ഹരിതകർമ്മസേന സംസ്ഥാനത്ത് നിന്ന് നീക്കം ചെയ്തത് 4836.262 ടൺ പ്ലാസ്റ്റിക് മാലിന്യം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന 30000 ലധികം ഹരിതകർമ്മസേനാംഗങ്ങൾ ചേർന്നാണ് ഈ നേട്ടം കൈവരിച്ചത്.



ഹരിതകർമ്മസേന പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടുള്ള 12/08/2020ലെ സർക്കാർ ഉത്തരവ് നമ്പർ 1496/2020/തസ്വഭവ അനുസരിച്ചാണ് ഹരിതകർമ്മസേനയുടെ രൂപീകരണവും പ്രവർത്തനവും നടത്തുന്നത്. ഒരു വാർഡിൽ രണ്ട് പേർ എന്ന നിലയിലാണ് തദ്ദേശ സ്ഥാപന പരിധിയിലെ ഹരിതകർമ്മസേനയിൽ അംഗങ്ങളുണ്ടാകുക.

ഓരോ വീട്ടിലും കയറിയിറങ്ങി അജൈവ മാലിന്യം ശേഖരിച്ച് അവ തരംതിരിച്ച് പുനരുപയോഗം ചെയ്യാനാകുന്നവ അതിനായുള്ള കമ്പനികൾക്ക് കൈമാറുക, അല്ലാത്തവ റോഡ് ടാറിങ് പോലുള്ള പ്രവർത്തനങ്ങൾക്ക് കൈമാറൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഹരിതകർമ്മസേനാംഗങ്ങൾ ചെയ്തു വരുന്നത്. കൂടാതെ വീട്ടുകാർക്ക് ജൈവ മാലിന്യ സംസ്ക്കരണത്തിനുതകുന്ന പരിഹാരങ്ങളും നിർദ്ദേശങ്ങളും അവർ നൽകി വരുന്നു.

# മനസോടിത്തിരി മണ്ണിലേയ്ക്ക് മാനുക്കാസിന്റെ നല്ല മനസ്സ്



പാലക്കാട് ജില്ലയിലെ തൃത്താല നിയോജക മണ്ഡലത്തിലെ കക്കാട്ടിരി സ്വദേശി കുരുവെട്ടുഞാലിൽ മൊയ്തു മാനുക്കാ ലൈഫ് പദ്ധതിയുടെ ഭാഗമായ മനസോടിത്തിരി മണ്ണ് പദ്ധതിയിലേക്ക് 57 സെന്റ് ഭൂമി സംഭാവന നൽകി. തൃശൂർ ദേശമംഗലത്തുള്ള ഭൂമിയാണ് നൽകിയത്. മുഖ്യമന്ത്രി പിണറായി വിജയന്റെ ചേംബറിൽ നടന്ന ചടങ്ങിൽ രേഖകൾ മുഖ്യമന്ത്രി ഏറ്റുവാങ്ങി.ഭൂരഹിതരായ ഭവനരഹിതർക്ക് വീട് വെക്കാനുള്ള ഭൂമി ലഭ്യമാക്കാൻ ലൈഫ് മിഷൻ ആവിഷ്കരിച്ച പദ്ധതിയാണ് മനസോടിത്തിരി മണ്ണ്. സ്വന്തമായി ഒരു തുണ്ട് ഭൂമിയില്ലാത്ത പതിനാലോളം പേർ മൊയ്തു സംഭാവന നൽകിയ ഭൂമിയിൽ ലൈഫ് ഭവനപദ്ധതിയിലൂടെ വീട് നിർമ്മിക്കുമെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു. മറ്റുള്ളവരോടുള്ള കരുതലും സഹായമനസ്കതയും ഇത്തരത്തിൽ പ്രകടിപ്പിക്കുന്ന മനുഷ്യരെ നമുക്ക് മാതൃകയാക്കാമെന്നും മനസോടിത്തിരി മണ്ണിലേക്ക് ഭൂമി സംഭാവന ചെയ്യാൻ കൂടുതലാളുകൾ രംഗത്തെത്തണമെന്നും അദ്ദേഹം പറഞ്ഞു.

# പൊതുവിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ മന്ത്രി എം.ബി. രാജേഷ്




പൊതുവിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്. സൗത്ത് മാറാടി ഗവ യു.പി സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ നിന്ന് വിട്ടുപോകുന്ന സ്ഥിതി മാറി. പൊതുവിദ്യാഭ്യാസ മേഖലയിലെ മാറ്റത്തിന്റെ ഫലമായി സർക്കാർ സ്കൂളുകൾ തേടി വരികയാണ് ഇപ്പോൾ വിദ്യാർത്ഥികളും രക്ഷിതാക്കളും. പൊതുവിദ്യാലയങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസ്യത അനുദിനം വർദ്ധിച്ചു വരുന്നു. മികച്ച അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം പഠന ഗുണനിലവാരവും ഉയരുന്നു. അതിന്റെ ഉത്തമ ഉദാഹരണമാണ് മാറാടി ഗവ.യു.പി സ്കൂളെന്നും മന്ത്രി പറഞ്ഞു.

പഠിക്കണം എന്നാഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും ഉന്നത നിലവാരത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. വിദ്യാകിരണം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2019-20 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ ചെലവിലാണ് സ്കൂളിലെ പുതിയ കെട്ടിടം യാഥാർത്ഥ്യമാക്കിയത്. 406.01 ചതുരശ്ര മീറ്റർ വലുപ്പത്തിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലാബ് തുടങ്ങിയ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.



# സ്കൂൾ പാഠ്യപദ്ധതിയിൽ മാറ്റത്തിനായി ജനകീയചർച്ച









സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനും ക്രോഡീകരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജനകീയ ചർച്ചകൾ നടന്നു. 26 ഫോക്കസ് മേഖലകളുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിയാണ് പാഠ്യപദ്ധതി പരിഷ്കരണ ജനകീയ ചർച്ച നടത്തിയത്. അധ്യാപകർ, വിദ്യാർത്ഥികൾ, വിവിധ വകുപ്പുകളിലെ പ്രതിനിധികൾ എന്നിവരടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞാണ് ചർച്ചകൾ നടന്നത്. വിദ്യാഭ്യാസത്തിന്റെ ദർശനം, മൂല്യവിദ്യാഭ്യാസം, ശൈശവ കാല പരിചരണവും വികാസവും, ഉൾച്ചേർന്ന വിദ്യാഭ്യാസം, പാഠ്യപദ്ധതിയും ബോധനശാസ്ത്രവും, വിലയിരുത്തൽ സംവിധാനത്തിലെ പരിഷ്കരണവും കുട്ടികളുടെ സമഗ്ര പുരോഗതി രേഖയും, ഗുണമേന്മയുള്ള പഠനസാമഗ്രികളുടെ രൂപീകരണം, സാമൂഹ്യശാസ്ത്ര വിദ്യാഭ്യാസം, ഇന്ത്യയെക്കുറിച്ചുള്ള അറിവ്, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, ആരോഗ്യ-കായിക വിദ്യാഭ്യാസം, ശാസ്ത്ര-ഗണിത - വിദ്യാഭ്യാസവും ഗണന ചിന്തയും, പരിസ്ഥിതി വിദ്യാഭ്യാസം, ഭാഷാ വിദ്യാഭ്യാസം, സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ, അധ്യാപക വിദ്യാഭ്യാസം, ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം, ഗൈഡൻസും കൗൺസിലിംഗും വിദ്യാലയത്തിൽ, രക്ഷകർത്തൃ വിദ്യാഭ്യാസം, സ്കൂൾ ഭരണവും നേതൃത്വവും, വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ പങ്ക്, സ്കൂൾ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം, ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾ, മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും എന്നീ ഫോക്കസ് മേഖലകളാണ് ചർച്ച ചെയ്തത്.

ജനകീയ ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് പാഠ്യപദ്ധതി പരിഷ്കരണ കമ്മറ്റിക്ക് വിദ്യാകിരണം ജില്ലാ കോർഡിനേറ്റർമാരുടെയും വിദ്യാഭ്യാസ വിദഗ്ധരുടെയും സാന്നിധ്യത്തിൽ ജില്ലകളിൽ നിന്നും എസ് സി ഇ ആർ ടി ഡയറക്ടർക്ക് സമർപ്പിച്ചു. ജനങ്ങളിൽ നിന്നും ശേഖരിക്കുന്ന നിർദ്ദേശങ്ങളും കൂടി പരിഗണിച്ചാണ് പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നത്.



# ആർദ്ര വിദ്യാലയം; ഹെൽത്തി ലൈഫ് ക്യാമ്പയിനിന് തുടക്കമായി

നവകേരളം കർമ്മപദ്ധതിയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണത്തിന്റെയും ഹരിതകേരളം മിഷന്റെയും സഹകരണത്തോടെ നടത്തുന്ന ഹെൽത്തി ലൈഫ് ക്യാമ്പയിന് വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ തുടക്കമായി. സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്ന ആദ്യ വിദ്യാലയമാണ് പടിഞ്ഞാറത്തറ ഗവ. ഹയർസെക്കണ്ടറി സ്കൂൾ.







ക്യാമ്പയിൻ ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു. ആരോഗ്യകരമായ ജീവിതശൈലി രൂപീകരിക്കുന്നതിനുള്ള സന്ദേശങ്ങൾ കുട്ടികളിൽ എത്തിക്കുക അതിനനുസൃതമായി ജീവിതശൈലി മാറ്റിയെടുക്കുകയുമാണ് ആർദ്ര വിദ്യാലയം ഹെൽത്തി ലൈഫ് കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ, വിവിധ വ്യായാമമുറകൾ, പുകയില ഉത്പ്പന്നങ്ങൾ, മദ്യം, മയക്ക് മരുന്ന് എന്നിവയിൽ നിന്നുള്ള വിമുക്തി, ശുചിത്വ ശീലങ്ങളും മാലിന്യ നിർമ്മാർജനവും കാമ്പയിന്റെ ലക്ഷ്യങ്ങളാണ്. സ്കൂൾ വിദ്യാർത്ഥികളിൽ ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തുക, ആരോഗ്യ ബോധവൽക്കരണം നൽകുക എന്നിവ വഴി ശാരീരികവും മാനസികവുമായ പഠന അന്തരീക്ഷം നൽകുകയാണ് പദ്ധതിയിലൂടെ ചെയ്യുന്നത്. ക്യാമ്പയിനിന്റെ ഭാഗമായി പരിശോധന ക്യാമ്പും ജീവിത ശൈലീ രോഗ നിർണ്ണയ സ്ക്രീനിംഗും നടന്നു. പടിഞ്ഞാറത്തറ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 23 ഓളം ആരോഗ്യ പ്രവർത്തകരാണ് ക്യാമ്പിന് നേതൃത്വം നൽകിയത്. പദ്ധതി ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കും.

# ഒരു മാസം 52100 രൂപ വേതനം വാങ്ങി ഹരിതകർമസേനാംഗം



മാലിന്യം ശേഖരണവും നിർമാർജനവും സേവനത്തോടൊപ്പം ഒരു തൊഴിലായി കൂടി സ്വീകരിച്ച മലപ്പുറം ആലിപറമ്പ് പഞ്ചായത്തിലെ സാബിറ മോൾക്ക് ഇപ്പോൾ ലഭിക്കുന്ന ഹോണറേറിയം പ്രതിമാസം 52100 രൂപയാണ്.പഞ്ചായത്ത് നൽകിയിട്ടുള്ള 650 ലധികം വീടുകളിലെയും സ്ഥാപനങ്ങളിലേയും മാലിന്യം കൃത്യമായി ശേഖരിച്ച് നിർമാർജനം ചെയ്യാൻ സാബിറക്ക് സാധിക്കുന്നുണ്ട്.സംസ്ഥാനത്തെ മാലിന്യ നിർമാർജന പ്രവർത്തനങ്ങളിൽ ഏറെ ഗുണകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്ന ഹരിതകർമ സേനാ പ്രവർത്തനങ്ങളിലൂടെ ഓരോ ജില്ലകളിലും നിരവധി യുവതികൾക്കാണ് തൊഴിൽ കണ്ടെത്താൻ സാധിക്കുന്നത്. ഇവർക്ക് മാലിന്യ ശേഖരണത്തിലൂടെ ലഭിക്കുന്ന യൂസർഫീയാണ് വേതനം നൽകാൻ ഉപയോഗിക്കുന്നത്.

# ഹരിതകർമസേനക്കായി വിദ്യാർത്ഥികളുടെ പഞ്ചായത്ത് കമ്മിറ്റി

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യവും ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിന് വിദ്യാർത്ഥികളുടെ പഞ്ചായത്ത് കമ്മിറ്റി യോഗം ചേരുകയും ഹരിത സേന രൂപീകരണവുമായി ബന്ധപ്പെട്ട് പ്രമേയം അവതരിപ്പിച്ച് അത് കുട്ടികളുടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. GUPS കുറുമശ്ശേരിയിലെ വിദ്യാർത്ഥികളാണ് ഇതിന് നേതൃത്വം നൽകിയത്.






കണ്ണപുരം ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകർമസേനക്ക് വേണ്ടി 14 വാർഡുകളിലുമായി വാങ്ങിയ ട്രോളി ഹരിതകർമ്മസേനക്ക് നൽകി ബഹു. പഞ്ചായത്ത് പ്രസിഡന്റ് കെ. രതി ഉദ്ഘാടനം ചെയ്തു.

# ഹരിത കർമസേനയ്ക്ക് യൂസർ ഫീ നൽകി ജില്ലാ കളക്ടർ



തിരുവനന്തപുരം നഗരസഭയിലെ ഹരിത കർമസേനാ അംഗങ്ങൾക്ക് യൂസർഫീ കൈമാറി ജില്ലാ കളക്ടർ ജറോമിക് ജോർജ്ജ്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂസർ ഫീ നൽകേണ്ടതില്ലെന്ന് നടക്കുന്ന പ്രചരണത്തിന് മറുപടിയായാണ് കളക്ടറുടെ നടപടി. ഹരിത കർമ്മസേനാംഗങ്ങൾക്ക് യൂസർഫീ നൽകേണ്ടത് പൊതുജനങ്ങളുടെ നിയമപരമായ ബാദ്ധ്യതയാണെന്നും വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേന വഴി പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും യൂസർഫി ഈടാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമ്മസേനയ്ക്ക് കൈമാറാത്തവർക്കും യൂസർഫീ നൽകാത്തവർക്കും അലക്ഷ്യമായി വലിച്ചെറിയുന്നവർക്കും കത്തിക്കുന്നവർക്കുമെതിരെ **10,000** രൂപ മുതൽ **50,000** രൂപ വരെ പിഴ ചുമത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ടെന്നും കളക്ടർ ഓർമ്മപ്പെടുത്തി.

# തലവടി ഗ്രാമപഞ്ചായത്തിൽ ഹരിതകർമ സേനാംഗങ്ങൾക്ക് ട്രോളി നൽകി

ആലപ്പുഴ തലവടി ഗ്രാമപഞ്ചായത്തിൽ ഹരിതകർമ സേനാംഗങ്ങൾക്ക് വാർഡുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ട്രോളികൾ കൈമാറി. **2022-23** ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **15** ട്രോളികളാണ് വാങ്ങിയത്. വാർഡുകളിൽ ക്രമീകരിച്ചിട്ടുള്ള മിനി എം.സി.എഫിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ട്രോളി സഹായകരമാകും. പഞ്ചായത്ത് പ്രസിഡന്റ് ഗായത്രി ബി. നായർ ട്രോളി കൈമാറി.

വൈസ് പ്രസിഡന്റ് ജോജി എബ്രഹാം, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ കൊച്ചുമോൾ ഉത്തമൻ, സുജി സന്തോഷ്, ജോജി ജെ. വയലപ്പള്ളി, പഞ്ചായത്ത് അംഗങ്ങളായ സാറാകുട്ടി ഫിലിപ്പോസ്, കലാ മധു, പഞ്ചായത്ത് സെക്രട്ടറി ജി.വി വിനോദ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി പ്രീത ആർ.നായർ, സി.ഡി.എസ് ചെയർപേഴ്സൺ ഉഷ വിക്രമൻ, ഹരിതകർമ സേനാംഗങ്ങൾ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# Haritha Karma Sena

*The 30,000 plus women member green task force for waste management in Kerala*

- Cross section of Kerala women workforce with members from all sections of the society.
- Yes, from all caste and religion and from merely literate to highly educated.
- Equipped with smart phones, safety measures and smart garbage apps.

Door to door collection and scientific segregation of non-bio degradable waste.

Green enterprises & green protocol event management.

Production, distribution and awareness building on ecofriendly alternative products.



*Driving force in nurturing the nature*

**HARITHA KERALAM MISSION**
Govt. of Kerala initiative to create an environment friendly developmental approach, focusing on organic farming, water conservation and meticulous waste management.

Through peoples participation with the leadership of Local Self Government Institutions.

www.haritham.kerala.gov.in

Govt. of Kerala

നവ കേരളം കർമപദ്ധതി

ഹരിതകേരളം മിഷൻ

# ദേശീയ അംഗീകാരം നേടിയ ആശുപത്രികൾ ബീഹാർ ആരോഗ്യ സംഘം സന്ദർശിച്ചു



ബീഹാറിൽ നിന്നുള്ള ആരോഗ്യ പ്രതിനിധി സംഘം സംസ്ഥാനത്തെ ദേശീയ അംഗീകാരം നേടിയ ആശുപത്രികൾ സന്ദർശിച്ചു. ദേശീയ തലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ അടുത്തറിയുകയാണ് സന്ദർശന ലക്ഷ്യം. കേരളത്തിലെ എൻ.ക്യു.എ.എസ്. അക്രഡിറ്റേഷൻ നേടിയ സ്ഥാപനങ്ങൾ സന്ദർശിച്ച് ബീഹാറിലെ ആശുപത്രികളെ സജ്ജമാക്കുന്നതിനാണ് സംഘമെത്തിയത്. ഇതോടൊപ്പം കേരളം ആരോഗ്യ രംഗത്ത് നടത്തുന്ന മികച്ച മാതൃകകളും നേരിട്ട് മനസിലാക്കി.

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി സംഘം കൂടിക്കാഴ്ച നടത്തി. കേരളത്തിന്റെ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ആരോഗ്യ മേഖലയിലെ വിവിധ വിഷയങ്ങൾ മന്ത്രിയുമായി ചർച്ച നടത്തി.

സംസ്ഥാനത്ത് ആകെ 157 ആശുപത്രികൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയെടുക്കാനായത്. അഞ്ച് ജില്ലാ ആശുപത്രികൾ, നാല് താലൂക്ക് ആശുപത്രികൾ, എട്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 101 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്. ഒമ്പത് ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.




Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : B. Manoj : Public Relations Officer, Anu Liya Jose: Young Professional, Archana Shaji : Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01